**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4985** **20-03-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപക നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലെയും ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ളവ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ളവ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി.സി 11373/2024 നമ്പർ അപ്പീൽ ഹർജി അനുവദിച്ചുകൊണ്ട് ബഹു സുപ്രീം കോടതി 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | വിവിധ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കീഴിൽ നിയമനാംഗീകാരം ലഭിക്കാതെ പ്രയാസപ്പെടുന്ന ആയിരക്കണക്കിന് അധ്യാപകരുടെയും ജീവനക്കാരുടെയും പ്രയാസങ്ങൾ കണക്കിലെടുത്ത് അംഗീകാരം നൽകുവാൻ സർക്കാർ ഒരു പൊതു ഉത്തരവ് ഇറക്കുമോ; ഇതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി മാനേജർമാർ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (സി) | നാലു വർഷത്തിലധികമായി നിയമനം മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ ഭിന്നശേഷി നിയമനം നടക്കാത്ത വിദ്യാലയങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നടത്തിയ എല്ലാ നിയമനങ്ങൾക്കും റെഗുലർ വ്യവസ്ഥയിലെ ശമ്പള സ്കെയിലിൽ അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഭിന്നശേഷി സംവരണം പൂർണ്ണമായും പാലിച്ച സ്കൂളുകളിലെ മറ്റ് ഒഴിവുകളിൽ നിയമിക്കപ്പെട്ടവരുടെ നിയമനമാണ് നിലവിൽ റഗുലറൈസ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ